# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.587 06.02.2013-ൽ മറുപടിക്ക്

ചോദ്യം
ശ്രീ. സാജു പോൾ

ഉത്തരം
ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## 2012-2013 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിൻെറ ആകെ റവന്യൂ വരുമാനം

| | | |
|---|---|---|
| (എ) | 2012-2013 സാമ്പത്തിക വർഷം പ്രതീക്ഷിക്കാവുന്ന സംസ്ഥാനത്തിൻെറ ആകെ റവന്യൂ വരുമാനം എത്ര കോടി രൂപയാണ്; പ്രധാനമായും ഏതെല്ലാം സ്രോതസുകളിലൂടെയാണ് പ്രസ്തുത വരുമാനം പ്രതീക്ഷിക്കുന്നത്; മൊത്തം റവന്യൂ വരുമാനത്തിൻെറ എത്ര ശതമാനമാണ് നികുതികൾ വഴി ലഭിക്കുമെന്ന് കരുതുന്നത്; | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2012-13 സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനം 48141.59 കോടി രൂപയാണ്. നികുതി നികുതിയേതര ഇനങ്ങളിൽ നിന്നും ലഭിക്കുന്ന സംസ്ഥാന തനതു വരുമാനം, കേന്ദ്ര നികുതി വിഹിതം, കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായ ധനം എന്നിവയാണ് സംസ്ഥാന സർക്കാരിൻെറ പ്രധാന റവന്യൂ വരുമാന സ്രോതസ്സുകൾ. 2012-13-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന നികുതി വരുമാനം പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനത്തിൻെറ 66.72 ശതമാനമാണ്. |
| (ബി) | സംസ്ഥാനത്തിൻെറ 2012-13-ൽ പ്രതീക്ഷിക്കുന്ന മൊത്ത റവന്യൂ ചെലവ് എത്രയാണ്; പ്രധാനമായും ഏതെല്ലാം ഇനത്തിലാണ് റവന്യൂ ചെലവ്; ഓരോ ഇനത്തിലും എത്ര ശതമാനം വീതം; വ്യക്തമാക്കാമോ; | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2012-13 സാമ്പത്തിക വർഷം റവന്യൂ ഇനത്തിൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 51605.36 കോടി രൂപയാണ്. ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ, പലിശ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുന്ന വിഹിതം എന്നിവയാണ് പ്രധാന റവന്യൂ ചെലവുകൾ. ഇവ യഥാക്രമം മൊത്തം റവന്യൂ ചെലവിൻെറ 32.49%, 15.85%,14.02%, 9.39% വീതമാണ്. |
| (സി) | മൊത്തം റവന്യൂ ചെലവിൻെറ എത്ര ശതമാനമാണ് ശമ്പള ഇനത്തിനും പെൻഷനും വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുള്ളത്; | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2012-13 സാമ്പത്തിക വർഷം ശമ്പളം, പെൻഷൻ എന്നീയിനങ്ങളിൽ പ്രതീക്ഷിക്കുന്ന ആകെ ചെലവ് മൊത്തം പ്രതീക്ഷിക്കുന്ന റവന്യൂ ചെലവിൻെറ 48.34 ശതമാനമാണ്. |
| (ഡി) | നടപ്പു വർഷം മൂലധന ചെലവ് എത്ര കോടിയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2012-13 സാമ്പത്തിക വർഷം ലക്ഷ്യമിടുന്ന മൂലധനച്ചെലവ് 6554.90 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ